പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2299 09.12.2014-ൽ മറുപടിക്ക്

അങ്കമാലി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന

നിർദ്ദിഷ്ട ശബരി റെയിൽപ്പാത

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട ശബരി റെയിൽപ്പാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിപ്പെട്ടിട്ടുള്ളത്; | (എ) | രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. അങ്കമാലി - എയർപോർട്ട് (നായത്തോട്) റോഡ്, മനയ്ക്കപ്പടി എയർപോർട്ട് റോഡ് എന്നിവിടങ്ങളിലാണ് മേൽപ്പാലങ്ങൾ പണിയാൻ നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത മേൽപ്പാലങ്ങളുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ; | (ബി) | <u>മനയ്ക്കാപ്പടി എയർപോർട്ട് ആർ.ഒ.ബി :-</u><br>മേൽപ്പാലത്തിന്റെ റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗത്തിന്റെ (ആർ.സി.സി. ബോക്സ്) പണി പൂർത്തീകരിച്ചു. അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കാനുണ്ട്.<br><u>നായത്തോട് ആർ.ഒ.ബി :-</u><br>റെയിൽവേ ലൈനിന് മുകളിലുള്ള മേൽപ്പാലത്തിന്റെ നിർമ്മിതിക്കായുള്ള (ആർ.സി.സി. ബോക്സ്) ജോലിക്ക് കരാറായിട്ടുണ്ട്. പാലം നിർമ്മാണം ആരംഭിച്ചിട്ടില്ല. അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |
| (സി) | അങ്കമാലി നിയോജമണ്ഡലത്തിലെ ലെവൽ ക്രോസ്സുകളിൽ നടപ്പിലാക്കുന്നതിനായി റെയിൽവേ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നു അറിയിക്കുമോ; | (സി) | അങ്കമാലി നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 2 ലവൽ ക്രോസിംഗുകൾക്ക് പകരമായി താഴെപ്പറയുന്ന നിർമ്മിതിക്ക് റയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്.<br>1. ചാലക്കുടി കറുകുറ്റി സ്റ്റേഷനുകൾക്കിടയിൽ വരുന്ന ലവൽ ക്രോസിംഗ് നം. 50-ന് |

| | | | |
|---|---|---|---|
| | | | രണ്ടുവരി മേൽപ്പാത നിർമ്മാണം<br>2. അങ്കമാലി യാർഡിലെ ലവൽ ക്രോസിംഗ് നം. 61-ന് അടിപ്പാത നിർമ്മാണം. |
| (ഡി) | എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ? | (ഡി) | മേൽ നിർമിതികൾക്കുള്ള സ്കെച്ചുകൾ അംഗീകരിക്കപ്പെട്ടു. അനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ